**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 548** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം സംബന്ധിച്ച് വിദ്യാഭാസ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നാഷണൽ പോപ്പുലേഷൻ എഡ്യൂക്കേഷൻ പ്രൊജക്റ്റിന്റെ ഭാഗമായി "കൌമാര പ്രായക്കാരുടെ ലഹരിവസ്തുക്കളുടെ ഉപയോഗം " എന്ന ഗവേഷണ പഠനം കേരളത്തിൽ വയനാട്, ഇടുക്കി, കാസർഗോഡ് ജില്ലകളിലെ ഗവണ്മെന്റ് എയ്ഡഡ് സ്കൂളുകളിൽ നടന്നു. കൗമാരപ്രായക്കാരുടെ ലഹരിവസ്തുക്കളെ കുറിച്ചുള്ള അറിവ്, ലഹരിവസ്തുക്കളോടുള്ള മനോഭാവം, കൗമാര പ്രായക്കാരുടെ ലഹരി ഉപയോഗം, ലഹരി വസ്തുക്കളുടെ ഉപയോഗത്തിലേക്കു നയിക്കുന്ന ഘടകങ്ങൾ, ലഹരി ഉപയോഗം കാരണം ഉണ്ടാവുന്ന പ്രശ്നങ്ങൾ, തുടങ്ങിയവ കണ്ടെത്തുന്നതിനായി 6126 കുട്ടികളിലാണ് പഠനം നടത്തിയത്. |
| (ബി) | എങ്കിൽ പ്രസ്തുത പഠനത്തിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; പഠനം നടത്തിയിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | പ്രസ്തുത പഠനത്തിലൂടെ കണ്ടെത്തിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br><br>1. **ലഹരി ഉപയോഗം സംബന്ധിച്ചഅറിവുകൾ**<br>ലഹരി വസ്തുക്കളെക്കുറിച്ചുള്ള അറിവ് നാല് മേഖലകൾ തിരിച്ചാണ് കണ്ടെത്തിയത്. ലഹരി വസ്തുക്കളുടെ ഉപയോഗത്തെ സംബന്ധിച്ച് നിയമപരമായ അറിവ് ഭൂരിപക്ഷം കുട്ടികൾക്കും ഉണ്ടെങ്കിലും നാലുശതമാനത്തോളം കുട്ടികൾ അത്തരം അറിവില്ലാത്തവരാണ്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥികളെ അപേക്ഷിച്ച് ഗവൺമെന്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ലഹരിവസ്തുക്കളുടെ ഉപയോഗത്തെ സംബന്ധിച്ച നിയമപരമായ അറിവ് നൽകേണ്ടതിന്റെ ആവശ്യകതയുണ്ട്. അതുപോലെ പെൺകുട്ടികളെക്കാൾ ആൺകുട്ടികൾക്ക് നിയമപരമായ അറിവ് |

നൽകേണ്ടതിന്റെ ആവശ്യകത ഉണ്ടെന്ന് പഠനം തെളിയിക്കുന്നു. ഗ്രാമപ്രദേശത്തെ കുട്ടികളെ അപേക്ഷിച്ച് നഗര പ്രദേശത്തെ കുട്ടികൾക്ക് നിയമപരമായ അറിവ് കുറവാണ്. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധമായ അറിവ് പകുതിയിലധികം കുട്ടികൾക്ക് ഉണ്ടെങ്കിലും 32 ശതമാനത്തോളം കുട്ടികൾ ഇത്തരം അറിവില്ലാത്തവരാണ്.

2, **ലഹരി ഉപയോഗത്തോടുള്ള വിദ്യാർത്ഥികളുടെ മനോഭാവം** ലഹരിവസ്തുക്കളെക്കുറിച്ചുള്ള വിദ്യാർത്ഥികളുടെ മനോഭാവം പരിശോധിച്ചാൽ ചെറിയ ശതമാനം വിദ്യാർത്ഥികൾ ജീവിതത്തിൽ ഒരു

തവണയെങ്കിലും ലഹരി ഉപയാഗിക്കേണ്ടതുണ്ടെന്ന ചിന്താഗതി

ഉള്ളവരാണ്. വല്ലപ്പോഴും ലഹരി ഉപയോഗിക്കുന്നതിൽ തെറ്റില്ല എന്ന മനോഭാവവും പുലർത്തുന്നവരും ഉണ്ട്. 10 ശതമാനത്തിൽ താഴെ വിദ്യാർഥികൾ ലഹരി ഉപയോഗിക്കുന്നത് വഴി ആഹ്ലാദം ലഭിക്കുന്നുവെന്നും കൗമാര പ്രായക്കാലത്തു ലഹരി ഉപയോഗിച്ച് നോക്കുന്നതിൽ തെറ്റില്ല എന്ന അഭിപ്രായം ഉള്ളവരുമാണ്. സഭാകമ്പം

ഒഴിവാക്കാനും ആത്മവിശ്വാസം ലഭിക്കുവാനും ചില സുഹൃത് ബന്ധങ്ങൾ പരിപാലിക്കുവാനും ലഹരി ഉപയോഗം നല്ലതാണെന്ന് ചില കൗമാര പ്രായക്കാർ വിശ്വസിക്കുന്നു. ബഹു ഭൂരിപക്ഷം വിദ്യാർത്ഥികൾ ലഹരി ഉപയോഗിക്കുന്നവരെ നിയപരമായി ശിക്ഷിക്കണം എന്ന അഭിപ്രായം ഉള്ളവരാണ്. സ്കൂൾ കരിക്കുലത്തിൽ ലഹരി ദുരുപയോഗം തടയുന്നതിനുള്ള ഭാഗങ്ങൾ ഉൾച്ചേർക്കണം എന്ന് 80 ശതമാനത്തോളം

കുട്ടികൾ അഭിപ്രായപ്പെടുന്നു. ലഹരി ഉപയോഗത്തോടുള്ള കുട്ടികളുടെ മനോഭാവത്തിൽ മെച്ചപ്പെട്ട പരിവർത്തനം വരുത്തേണ്ടതിന്റെ ആവശ്യകത പഠനം വ്യക്തമാക്കുന്നു.

3. **വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം**

ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ലഹരി ഉപയോഗത്തെ സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്താൻ തയ്യാറാവാത്തവരാണ്.

കുട്ടികൾക്ക് ലഹരി വസ്തുക്കൾ കൂടുതലും ലഭിക്കുന്നത് അവരുടെ കൂട്ടുകാരുടെ ഇടയിൽ നിന്നുമാണ്. ലഹരി

| | | | |
|---|---|---|---|
| | | | ഉപയോഗത്തിൽ<br><br>ജില്ലാതലവ്യത്യാസം വലിയരീതിയിൽ പഠനത്തിൽ പ്രതിഫലിക്കുന്നില്ല.<br><br>4. കൗമരപ്രായക്കാരെ ലഹരി ഉപയോഗത്തിലേക്കു നയിക്കുന്ന<br><br>പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>I. തൃപ്തികരമല്ലാത്ത സ്കൂൾ അന്തരീക്ഷം<br><br>II. സ്കൂളിലെ കാൺസിലിംഗ് സേവനങ്ങളുടെ ലഭ്യതക്കുറവ്<br><br>III. സ്കൂൾ പരിസരത്ത് ലഹരിവസ്തുക്കളുടെ ലഭ്യത<br><br>IV. കുടുംബത്തിലെ അംഗങ്ങളുടെ ലഹരി ഉപയോഗം<br><br>V. ലഹരി ഉപഭോക്താക്കളായ മുതിർന്നവരുമായുള്ള അതിരുകവിഞ്ഞ<br><br>സൗഹൃദം<br><br>VI. സമപ്രായക്കാരുടെ സമ്മർദ്ദങ്ങൾ, പ്രലോഭനങ്ങൾ<br><br>ലഹരി ഉപയോഗിക്കുന്ന വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന പ്രധാന അക്കാദമിക ബുദ്ധിമുട്ടുകൾ താഴെ പറയുന്നവയാണ്.<br><br>1. കടുത്ത ഏകാന്തത<br><br>2. പഠനത്തിൽ നിന്ന് ശ്രദ്ധ വിട്ടുമാറുന്നു<br><br>3. സ്കൂളിൽ തുടർച്ചയായി ഹാജരാകാതിരിക്കുക<br><br>4. സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളിൽ വളരെ താഴ്ന്ന നിലവാരം |
| (സി) | സ്കൂൾ വിദ്യാർത്ഥികൾ ലഹരി മരുന്ന് മാഫിയയുടെ കെണിയിൽ വീഴുന്നത് തടയുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം സംബന്ധിച്ച് രക്ഷിതാക്കളിൽ<br><br>ബോധവത്കരണം നടത്താൻ വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br><br>1. ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും<br><br>വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്തുടനീളം ഒരു തീവ്രയജ്ഞപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ |

മുഖ്യമന്ത്രിയുടെ അധ്യക്ഷ തയിൽ ചേർന്ന യോഗം തീരുമാനിച്ചു.

2. സ്കൂൾതല ജനജാഗ്രതാ സമിതി രൂപീകരിച്ചു. ഇതിൽ പി.ടി.എ, എം.പി.ടി.എ. പ്രതിനിധികൾ അധ്യാപകർ, രക്ഷകർത്താക്കൾ, എക്സൈസ് പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നു.

3. 2022 ഒക്ടോബർ 2 ന് ഈ ജനജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി.

4. ഒക്ടോബർ 30, 31 തീയതികളിൽ സ്കൂളുകളിലും പരിസരത്തും വിളംബരജാഥ സംഘടിപ്പിച്ചു.

5. 2022 നവംബർ -1 ന് കുട്ടികൾ, അധ്യാപകർ, രക്ഷകർത്താക്കൾ, പൊതുജനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ച് ലഹരിവിരുദ്ധ ശൃംഖല രൂപീകരിക്കുകയും ലഹരി ഉല്പന്നങ്ങളുടെ കുഴിച്ചുമുടൽ, കത്തിക്കൽ എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. അതേ ദിവസം ഇവരെല്ലാവരും ചേർന്ന് ലഹരി

വിരുദ്ധ പ്രതിജ്ഞയും നടത്തി.

6. അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്ക് ബോധവത്കരണം നൽകുന്നതിലേക്കായി മൊഡ്യൂൾ എസ്.സി.ഇ.ആർ.ടി. തയാറാക്കി നൽകി.

7. എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ എൽ.പി, യു.പി, എച്ച്.എസ് എച്ച്.എസ്.എസ്. വിഭാഗത്തിലെ മൊഡ്യൂളിനെ ആസ്പദമാക്കി ഏകദിന അധ്യാപകശാക്തീകരണ പരിപാടി എസ്.സി.ഇ.ആർ.ടി. യുടെ ആഭിമുഖ്യത്തിൽ നടത്തി. വിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ്, പോലീസ് എന്നി വകുപ്പുകളിലെ വിദഗ്ധർ ശാക്തീകരണ പരിപാടികളിൽ സംബന്ധിച്ചു.

ഹയർ സെക്കന്ററി വിഭാഗത്തിൽ സൗഹൃദക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.

വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ലഹരി വിരുദ്ധ ക്യാമ്പസ് എന്ന പദ്ധതി ആവിഷകരിക്കുന്നതിന്റെ ഭാഗമായിവിവിധ പരിപാടികൾ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നുണ്ട്. സ്കൂൾ പി.ടി.എ പ്രസിഡന്റ് അദ്ധ്യക്ഷനായും പ്രധാനാദ്ധ്യാപകൻ കൺവീനറായും ജനജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പി.റ്റി.എ, മദർ

പി.ടി.എ, ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ വിരമിച്ച അദ്ധ്യാപകർ, സ്കൂളുകളിലെ അദ്ധ്യാപകർ, വിവിധജാതി മത രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികൾ, വ്യാപാരി വ്യവസായി പ്രതിനിധികൾ, ഓട്ടോറിക്ഷ, ടാക്സി പ്രതിനിധികൾ, മറ്റ് അഭ്യുദയകാംക്ഷികൾ രൂപം നൽകുന്ന ജന ജാഗ്രത സമിതികൾ തുടങ്ങിയവർ സ്കൂൾതല പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. എല്ലാ അദ്ധ്യാപകരേയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകളിൽ പങ്കെടുപ്പിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തിൽ ബോധവൽക്കരണത്തിന്റെ ഭാഗമായി അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചിട്ടുണ്ട്. ലഹരി പദാർത്ഥങ്ങൾ ക്ലാസ്സിനുള്ളിൽ എത്തുന്നില്ല എന്ന് ജനജാഗ്രത സമിതി ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്തെ

എല്ലാ വിദ്യാഭ്യാസ ആഫീസുകളിലും സ്കൂളുകളിലും നടപ്പിലാക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ സംബന്ധിച്ച് എല്ലാ സ്കൂളുകൾക്കും സർക്കുലർ നൽകിയിട്ടുണ്ട്. തീവ്രയജ്ഞ പരിപാടി സംസ്ഥാനത്തെ സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഒന്നാംഘട്ട പരിപാടികൾ 2022 ഒക്ടോബർ 6 ന് ആരംഭിക്കുകയും നവംബർ 1 -ന് അവസാനിക്കുകയും ചെയ്തു. എല്ലാ സ്കൂളുകളിലെയും 100 വാര ചുറ്റളവിൽ ലഹരി ഉത്പ്പന്നങ്ങൾ, വിൽക്കുന്നില്ല എന്നും, കൈമാറ്റം ചെയ്യുന്നില്ല എന്നും ജനജാഗ്രതാ സമിതി ഉറപ്പാക്കുകയും ലഹരി മുക്ത പ്രദേശമാക്കി Yellow Line Campain ശക്തിപ്പെടുത്താൻ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂൾ പരിസരത്തുള്ള ലഹരി വസ്തുക്കളെ സംബന്ധിച്ചുള്ള പരാതികളും കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കാൻ എല്ലാ സ്കൂൾ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളിനുള്ളിലും പരിസരത്തും ലഹരി വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടാൻ സാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി അവ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ എല്ലാ സ്കൂൾ അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വി.എച്ച്.എസ്.ഇ വിഭാഗം നാഷണൽ സർവ്വീസ് സ്കീം ക്യാമ്പുകളിൽ സ്കൂളുകളുടെ സമീപ പ്രദേശത്ത് Yellow Line Campain നടപ്പിലാക്കുകയുണ്ടായി. വി.എച്ച്.എസ്.ഇ

| | | | |
|---|---|---|---|
| | | | കരിയർ ഗൈഡൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി പോസിറ്റീവ് പേരന്റിംഗ് എന്ന പദ്ധതിയുടെ ഭാഗമായി എല്ലാ സ്കൂളുകളിലെയും വി.എച്ച്.എസ്.ഇ വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾക്ക് നൽകിയ പരിശീലന പരിപാടിയിൽ കുട്ടികളിലെ ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിന് രക്ഷാകർത്താക്കൾക്കുള്ള പങ്ക് വിശദമാക്കുകയുണ്ടായി, വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്ക് നൽകിയ ഹാപ്പിലേണിംഗ് പരിശീലന പരിപാടിയിൽ തനത് അദ്ധ്യയന വർഷം "വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം" നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദീകരിക്കുകയുണ്ടായി. വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്ക് മന:ശാസ്ത്രവിദഗ്ധരുടെ നേതൃത്വത്തിൽ നൽകിയ "സ്നേഹ സ്പർശം' എന്ന കൗൺസിലിംഗ് പരിപാടിയിൽ ലഹരി ഉപയോഗവും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും പരിഹരിക്കുന്നതിന് പ്രത്യേക കൗൺസിലിംഗ് സംവിധാന മൊരുക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ